# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 33
ഫോൺ : 0471-2307263 ഫാക്സ് : 0471-2307490
e-mail: hrckeralatvm@gmail.com


എച്ച്.ആർ.എം.പി. നം. 10910/2017 തീയതി : 5/7/18

07 JUL 2018

8850

പ്രേക്ഷിതൻ

രജിസ്ട്രാർ
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

സ്വീകർത്താവ്

സാമൂഹ്യനീതി ഡയറക്ടർ
വികാസ് ഭവൻ
തിരുവനന്തപുരം

സർ,

വിഷയം :- എച്ച്.ആർ.എം.പി. നം. 10910/2017 ഉത്തരവ്/നടപടിക്രമം അയയ്ക്കുന്നത് സംബന്ധിച്ച്-

മുകളിൽ പരാമർശിച്ച ഹർജിയിൽ, കമ്മീഷന്റെ 26/5/2018 തീയതിയിലെ ഉത്തരവിന്റെ/നടപടിക്രമത്തിന്റെ ഒരു പകർപ്പ് അനുസരിക്കുന്നതിനും/ഉചിതമായ നടപടിക്കും/റിപ്പോർട്ടിനും/അറിവിലേയ്ക്കും ഇതിനാൽ അയയ്ക്കുന്നു

വിശ്വസ്തതയോടെ

രജിസ്ട്രാർ

ഉള്ളടക്കം : ഉത്തരവിന്റെ പകർപ്പ്

## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : പി.മോഹനദാസ്
ബഹു. ആക്ടിംങ് ചെയർ പേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ 10910/2017**

പരാതിക്കാരൻ : കെ വിജയൻ
കണ്ണവിളാകത്തു പുത്തൻവീട്,
മഹാദേവർ ക്ഷേത്രത്തിന് സമീപം,
ടൗൺവാർഡ്, പാറശാല പി.ഒ,
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവു തീയതി 2018 മേയ് 26**

ഹർജിക്കാരൻ ഒരു വികലാംഗനാണ്. 1983 ൽ employment exchange ൽ പേര് രജിസ്റ്റർ ചെയ്തു. 1990 ൽ employment exchange മുഖേന Treasury Department ൽ 179 ദിവസം താത്ക്കാലിക നിയമനം ലഭിച്ചു. നാളിതുവരെ സ്ഥിര നിയമനം ലഭിച്ചിട്ടില്ല. 40 വയസ്സും 50% വികലാഗതവുമുള്ള ഹർജിക്കാരന്റെ ഉപജീവനമാർഗം വികലാംഗപെൻഷൻ മാത്രമാണെന്നും 1981, 92, 97, 98, 99, 2000, 2001, 2002, 2003 ഈ കാലഘട്ടങ്ങളിൽ employment exchange മുഖേന നിയമനം ലഭിച്ച പലരേയും കരാർ വ്യവസ്ഥയിൽപ്പെട്ടവരെയും സ്ഥിരപ്പെടുത്തിയിട്ടും തനിക്ക് നിയമനം ലഭിച്ചില്ലായെന്നും നിരവധി തവണ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും അനുകൂല ഉത്തരവും ഉണ്ടായില്ലായെന്നും ഹർജിയിൽ ആരോപിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർ ഹാജരാക്കിയിരിക്കുന്ന റിപ്പോർട്ടിൽ നിലവിൽ employment exchange മുഖേന 179 ദിവസം 16/8/1999 മുതൽ 31/12/2003 നുള്ളിൽ താത്ക്കാലികമായി സേവനത്തിൽ പ്രവേശിക്കുകയും 2004 ൽ തുടരുകയും ചെയ്ത അംഗപരിമിതരേയും 1/ 8/1994 മുതൽ 31/12/1996 നുള്ളിൽ അപ്രകാരം താത്ക്കാലിക സേവനം അനുഷ്ടിച്ച അംഗപരിമിതർക്കും സ്ഥിര നിയമനം നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരം ഡയറക്ടുടെ കാര്യാലയത്തിൽ നിന്നും നടപടി സ്വീകരിച്ച് വരുന്നുവെന്നും ഹർജിക്കാരൻ 1990 ൽ employment

exchange വഴി താത്ക്കാലിക നിയമനം ലഭിച്ചതാണെന്നും അപ്രകാരം നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉത്തരവില്ലായെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

ഹർജിക്കാരൻ റിപ്പോർട്ടിന് മറുപടി ഹാജരാക്കി. 1/8/1994 നും 31/12/1996 നും ഇടക്ക് താത്ക്കാലികമായി ജോലി നോക്കിയ അംഗപരിമിതരെ പുനർനിയമനം നൽകിയെന്നും സാമൂഹ്യനീതി വകുപ്പിന്റെ 30/11/2007 ലെ ഉത്തരവ് പ്രകാരം 15/8/1998 നും 14/8/1998 നും ഇടയ്ക്കുള്ള അംഗപരിമിതർക്ക് പുനർനിയമനം നൽകിയതായും പറയുന്നു. ഇപ്രകാരം പല സന്ദർഭങ്ങളിലും താത്ക്കാലിക നിയമനം നൽകിയവർക്ക് ശാരീരിക വൈകല്യം കണക്കിലെടുത്ത് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവ് കണക്കിലെടുക്കുമ്പോൾ 1990 ൽ താത്ക്കാലിക നിയമനം ലഭിച്ച ഹർജിക്കാരന് സ്ഥിരനിയമനത്തിന് അർഹതയില്ലായെങ്കിലും 1990 ൽ തന്നെ employment exchange മുഖാന്തിരം താത്ക്കാലിക നിയമനം കിട്ടിയ ഹർജിക്കാരനെ മാനുഷിക പരിഗണന നൽകി അംഗപരിമിതനെന്ന നിലയിൽ പുനർനിയമനം നൽകാൻ സാമൂഹ്യനീതി ഡയറക്ടർക്ക് ശുപാർശ ചെയ്യാവുന്നതാണ്. സർക്കാർ തലത്തിൽ ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് സർക്കാർ അനുവാദം വാങ്ങി പുനർനിയമനം നൽകുവാൻ നടപടി സ്വീകരിക്കുവാൻ സാമൂഹ്യനീതിഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് പരാതി തീർപ്പാക്കുന്നു.

ഒപ്പ് /

പി.മോഹനദാസ്.

**ബഹു. ആക്ടിംങ്ങ് ചെയർ പേഴ്സൺ**
**കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ**

//ശരിപകർപ്പ്//

രജിസ്ട്രാർ

KERALA STATE HUMAN RIGHTS COMMISSION
THIRUVANANTHAPURAM